**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2973 28.01.2014 -ലെ മറുപടിയ്ക്ക്

## *നെയ്യാറ്റിൻകര സർക്കാർ കോളേജ്*

ചോദ്യം
ശ്രീ. കോലിയക്കോട് എൻ കൃഷ്ണൻ നായർ

ഉത്തരം
ശ്രീ. പി.കെ. അബ്ദു റബ്ബ്
(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെയ്യാറ്റിൻകര മണ്ഡലത്തിൽ പുതുതായി അനുവദിച്ച കോളേജ് എവിടെയാണ് ആരംഭിക്കുന്നത് ; ഇതിനായി കെട്ടിടങ്ങൾ, സ്ഥലം എന്നിവ എവിടെയാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ പുതുതായി അനുവദിയ്ക്കപ്പെട്ട സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ് ടി മണ്ഡലത്തിലെ കുളത്തൂർ വില്ലേജിലാണ് ആരംഭിയ്ക്കുന്നത്. പ്രസ്തുത കോളേജിന്റെ നടത്തിപ്പിനായി നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ കുളത്തൂർ വില്ലേജിൽ കുളത്തൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ സ്ഥിതി ചെയ്യുന്ന വിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 16 ഏക്കർ ഭൂമിയിലെ 5 ഏക്കർ ഭൂമിയാണ് കണ്ടെത്തിയിട്ടുള്ളത്. |
| (ബി) | അടുത്ത അദ്ധ്യയന വർഷം കോളേജ് ആരംഭിക്കുമോ ; എങ്കിൽ താല്ക്കാലികമായി എവിടെയാണ് കോളേജ് ആരംഭിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | ആരംഭിയ്ക്കും. നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കുളത്തൂർ വില്ലേജിലെ കുളത്തൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ സ്ഥിതിചെയ്യുന്ന വിദ്യാഭ്യാസവകുപ്പിന്റെ ഉടമസ്ഥതയിലുള്ള 16 ഏക്കർ ഭൂമിയിൽ പണി പൂർത്തീകരിച്ച് കിടക്കുന്ന ഇരുനില മന്ദിരത്തിൽ കോളേജിലെ അദ്ധ്യയനം ആരംഭിക്കുന്നതിലേക്കായാണ് സർക്കാർ ഉത്തരവായിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത കോളേജിന് സ്വന്തമായി കെട്ടിടവും മറ്റ് സൗകര്യങ്ങളും ഒരുക്കുന്നതിന് സ്ഥലം ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയാണ് ഭൂമി ലഭിച്ചതെന്നും എത്ര ഏക്കർ ഭൂമിയാണെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (സി) | ലഭ്യമായിട്ടുണ്ട്. നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കുളത്തൂർ വില്ലേജിലെ ബ്ലോക്ക് നമ്പർ 46-ൽ പെട്ട സർവ്വേ നമ്പർ 83 ലെ 0.80.80 ഹെക്ടർ ഭൂമിയും കൂടാതെ സർവ്വേ നമ്പർ 87 ലെ 2.9 ഹെക്ടർ ഭൂമിയും പ്രസ്തുത കോളേജിനായി ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ